# വൈദ്യുതി പരാതി പരിഹാര ന്യായസഭ (വടക്കൻ മേഖല)


## വൈദ്യുതി ഭവനം, ഗാന്ധിറോഡ്, കോഴിക്കോട് - 673011

(വൈദ്യുതി നിയമം 2003 ലെ സെക്ഷൻ 42(5) അനുസരിച്ച് രൂപം കൊണ്ടത് / സ്ഥാപിതമായത്.)

ടെലിഫോൺ നംബർ - 0495 2367820

ഇ മെയിൽ. cgrfkzd@kseb.in


## സാന്നിദ്ധ്യം

**സാജമ്മ. ജെ. പുന്നൂർ : അദ്ധ്യക്ഷ**

**ആൻസി പോൾ . സി : അംഗം**

**ഫ്രാൻസിസ്. എ. സി : അംഗം**

**ഓ.പി. നം. 98 /2023-24**

പരാതിക്കാരൻ :

1. **ശ്രീ.** ജോഷി ബെനഡിക്ട്, **അക്കാട്ടുമുണ്ടക്കൽ വീട്, പുല്ലൂരാംപാറ പി. ഒ, കോഴിക്കോട്–673 603.**

എതിർകക്ഷികൾ :

1. **അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, തിരുവമ്പാടി, കെ.എസ്.ഇ.ബി ലിമിറ്റഡ്, കോഴിക്കോട്– ജില്ല.**

2. **അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, തിരുവമ്പാടി, കെ.എസ്.ഇ.ബി ലിമിറ്റഡ്, കോഴിക്കോട്– ജില്ല.**

# ഉത്തരവ്

പരാതി:-

പരാതിക്കാരൻ തിരുവമ്പാടി ഇലക്ട്രിക്കൽ സെക്ഷനിലെ 1166092005355 എന്ന നമ്പറിലുള്ള ഉപഭോക്താവാണ്. 13-12-2023 ന് തിരുവമ്പാടി പഞ്ചായത്തിലെ പുല്ലൂരാംപാറ-ആനക്കാം പൊയിൽ റോഡിൽ ഇലന്ത്കടവ് പാലത്തിന് സമീപത്തുള്ള പരാതിക്കാരന്റെ ഭൂമിയിൽ ടിയാന്റെ അറിവോ സമ്മതമോ ഇല്ലാതെ എതിർകക്ഷി ഒരു ഇരുമ്പ്തൂൺ സ്ഥാപിച്ചുവെന്നും ശ്രീ. സിദ്ദിഖ് മങ്ങാട്ടുപറമ്പിൽ (കൺസ്യൂമർ നം. 1166094023009)എന്നവരുടെ അപേക്ഷപ്രകാരം വർക്ക് ഡെപ്പോസിറ്റ് ആയി മാറ്റിസ്ഥാപിച്ച പോസ്റ്റാണ് ഇതെന്നും ആയത് ടിയാന്റെ വസ്തുവിൽ നിന്ന് മാറ്റിതരണമെന്നുമാണ് പരാതി.

പരാതിക്കാരന്റെ വിശദീകരണം:-

പരാതിക്കാരന്റെ കോഴിക്കോട് തിരുവമ്പാടി പഞ്ചായത്തിലുള്ള പുല്ലൂരാംപാറ ആനക്കാംപൊയിൽ റോഡിൽ ഇലന്ത് കടവ് പാലത്തിന് സമീപത്തുള്ള ഭൂമിയിൽ 13-12-2023 ന് ടിയാന്റെ അറിവോ സമ്മതമോ കൂടാതെ കെ എസ് ഇ ബി ഒരു ഇരുമ്പ് വൈദ്യുതി തൂൺ സ്ഥാപിക്കുകയുണ്ടായെന്നും ആയതിനെ കുറിച്ച് അന്നുതന്നെ അന്വേഷിച്ചപ്പോൾ, പോസ്റ്റ് ഇട്ട് പോയില്ലേ, ഇനി പരാതി എഴുതി കൊടുത്തോളൂ എന്നാണ് മറുപടികിട്ടിയതെന്നും. അടുത്ത ദിവസം കെ എസ് ഇ ബി തിരുവമ്പാടി ഓഫീസിൽ പരാതി എഴുതി കൊടുക്കുകയും അതുപ്രകാരം ഒരാഴ്ചകഴിഞ്ഞ് അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥലം പരിശോധിക്കുകയും അസിസ്റ്റന്റ് എഞ്ചിനീയറുടെകൂടെ വന്ന സബ് എഞ്ചിനീയർ പരാതിയിൽ നിന്ന് പിൻതിരിപ്പിക്കാൻ ശ്രമിക്കുകയും, കോൺട്രാക്ടർക്ക് തെറ്റ് പറ്റിയതാണെന്നും നഷ്ടപരിഹാരം വാങ്ങിതരാം എന്ന് പറയുകയും ചെയ്തു. താങ്കൾക്ക് നിർബന്ധമാണെങ്കിൽ പോസ്റ്റ് മാറ്റിതരാമെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ പറഞ്ഞെങ്കിലും പത്തു ദിവസം കഴിഞ്ഞ് അന്വേഷിച്ചപ്പോൾ കുറച്ച് ദിവസങ്ങൾക്കുള്ളിൽ മാറ്റിതരാമെന്ന് പറയുകയും ഒരു മാസം കഴി ഞ്ഞ് വീണ്ടും അന്വേഷിച്ചപ്പോൾ പോസ്റ്റ് മാറ്റിതരാനാകില്ലെന്ന് പറയുകയുമാണുണ്ടായത്. ആയതിനാൽ ടി പരാതിയിൽ പോസ്റ്റ് മാറ്റിതരാനുള്ള ഉത്തരവ് നൽകണമെന്ന് പരാതിക്കാരൻ അപേക്ഷിക്കുന്നു.

എതിർകക്ഷിയുടെ വിശദീകരണം :-

പരാതിയിൽ പറയുന്ന 11 k V വൈദ്യുതി ലൈൻ വർഷങ്ങളായി നിലവിലുള്ളതാണെന്നും ശ്രീ. സിദ്ദിഖ്, മങ്ങാട്ടുപറമ്പിൽ (കൺസ്യൂമർ നം. 1166094023009) പുതുതായി നിർമ്മിച്ച കെട്ടിടത്തിന്റെ മുൻവശത്തുള്ള 9 മീറ്റർ PSC പോസ്റ്റ് മാറ്റാൻ 28-11-2023 ന് തന്ന അപേക്ഷപ്രകാരം പ്രസ്തുത വൈദ്യുതി പോസ്റ്റ് പരാതിക്കാരന്റെയും ശ്രീ. സിദ്ദിഖ് എന്നവരുടെയും വസ്തുവിന്റെ അതിർത്തിയിലേക്ക് മാറ്റി സ്ഥാപിക്കുകയാണ് ചെയ്തതെന്നും അപ്പോൾ പരാതിക്കാരൻ യാതൊരു ആക്ഷേപവും ഉയർത്തിയിരുന്നില്ലെന്നും എതിർകക്ഷി അറിയിക്കുന്നു.

പുതുതായി നിർമ്മിച്ച A type 11 k V വൈദ്യുതി പോസ്റ്റ് ഹൈവേയുടെ ഭാഗമായുള്ള മലയോര ഹൈവേയോട് ചേർന്നാണ് സ്ഥാപിച്ചത്. സ്റ്റേറ്റ് ഹൈവേയിൽ നിന്നും 80 m ദൂരത്തിൽ മാത്രമാണ് പോസ്റ്റ് സ്ഥിതിചെയ്യുന്നത്. പോസ്റ്റിന്റെ റോഡിൽനിന്നുള്ള കൂടിയ ദൂരം 110 m മാത്രമാണ്. ടി വൈദ്യുതി പോസ്റ്റിന് മുൻപുണ്ടായിരുന്നതിനേക്കാൾ കൂടുതൽ സ്റ്റാറ്റ്യൂട്ടറി ക്ലിയറൻസ് പരാതിക്കാരന്റെ വസ്തുവുമായി ഇപ്പോൾ പാലിക്കാൻ സാധിക്കുന്നുണ്ട്. ഇലക്ട്രിസിറ്റി ആക്ട് 2003 സെക്ഷൻ 164, ഇന്ത്യൻ ടെലിഗ്രാഫ് ആക്ട് 1885 പ്രകാരം കെ എസ് ഇ ബിക്ക് പൊതുവഴിയരികിൽ പോസ്റ്റ് സ്ഥാപിക്കാവുന്നതിന്റെ അടിസ്ഥാനത്തിലാണ് വൈദ്യുതി പോസ്റ്റുകൾ സ്ഥാപിച്ചിട്ടുള്ളത്.

പരാതിക്കാരൻ ഉന്നയിച്ചപോലുള്ള പരാതികൾ നിരുത്സാഹപ്പെടുത്തിയില്ലെങ്കിൽ ധാരാളം പരാതികൾ മുന്നോട്ടുവരുമെന്നും അത് വൈദ്യുതി വിതരണ സംവിധാനത്തെ തടസ്സപ്പെടുത്താൻ ഇടയാക്കും എന്നതിനാലും ഇത്തരം വ്യക്തി താല്പര്യ പരാതികൾ നിലനിൽക്കുന്നതല്ല എന്നും പരാതിക്ക് അടിസ്ഥാനമായുള്ളത് വസ്തുവിലുള്ള കൈയ്യേറ്റമായതിനാൽ പ്രസ്തുതപരാതി ബഹു. അഡീഷണൽ ഡിസ്ട്രിക്റ്റ് മജിസ്ട്രേറ്റിനു മുൻപാകെ തീരുമാനത്തിനു വിടണമെന്നും എതിർകക്ഷി അഭ്യർത്ഥിക്കുന്നു.

അവലോകനവും കണ്ടെത്തലും:-

ഈ കേസിന്റെ വിചാരണ 20-03-2024 ന് കോഴിക്കോട് സി ജി ആർ എഫിലെ കോർട്ട് ഹാളിൽ വച്ച് നടന്നു. പരാതിക്കാരനും എതിർകക്ഷിയും വിചാരണയിൽ

ഹാജരായിരുന്നു. വിചാരണ സമയത്ത് ഹാജരാക്കിയ രേഖകളുടെയും മൊഴികളുടെയും അടിസ്ഥാനത്തിൽ താഴെ പറയുന്ന കാര്യങ്ങൾ ബോദ്ധ്യപ്പെട്ടു.

ശ്രീ. സിദ്ദിഖ്, മങ്ങാട്ടുപറമ്പിലിന്റെ (കൺസ്യൂമർ നം. 1166094023009) അപേക്ഷപ്രകാരം വർക്ക് ഡെപ്പോസിറ്റായിട്ട് ടിയാന്റെ കെട്ടിടത്തിന്റെ മുൻവശത്തുള്ള 9 m PSC പോസ്റ്റ് മാറ്റി ഒരു A type പോളാണ് പരാതിക്കാരന്റെ വസ്തുവിൽ സ്ഥാപിച്ചിട്ടുള്ളത് എന്ന് പരാതിക്കാരൻ അറിയിക്കുന്നു.

എന്നാൽ മാറ്റിസ്ഥാപിച്ച പോസ്റ്റ് പരാതിക്കാരന്റെയും അപേക്ഷകനായ ശ്രീ. സിദ്ദിഖിന്റെയും വസ്തുവിന്റെ അതിർത്തിയിലേക്കാണ് മാറ്റി സ്ഥാപിച്ചിട്ടുള്ളത് എന്ന് എതിർകക്ഷി അറിയിക്കുന്നു. എന്നാൽ ആയത് പരാതിക്കാരന്റെ വസ്തുവാണെന്നും അതിർത്തി അതല്ലെന്നും പരാതിക്കാരനും അറിയിച്ചു.

സ്റ്റേറ്റ് ഹൈവേയിൽ നിന്നും 80 cm ദൂരത്തിലാണ് പോസ്റ്റ് സ്ഥിതിചെയ്യുന്നത് എന്നും പരാതിക്കാരന്റെ ആക്ഷേപങ്ങൾക്ക് അടിസ്ഥാനം ഇല്ലെന്നും എതിർകക്ഷിയും അറിയിച്ചു.

പ്രസ്തുത പോസ്റ്റ് മാറ്റി സ്ഥാപിച്ചിരിക്കുന്നത് കേരളാ ഇലക്ട്രിസിറ്റി സപ്ലൈ കോഡ് സെക്ഷൻ 95 പ്രകാരം ആണ്. സെക്ഷൻ 95 4 (b) പ്രകാരം ഷിഫ്റ്റിംഗ് അപേക്ഷ നൽകിയിട്ടുള്ള അപേക്ഷകന്റെ തന്നെ സ്ഥലത്തേക്കോ, അല്ലെങ്കിൽ എതെങ്കിലും പൊതുപാതയിലൂടെ ഇലക്ട്രിക് ലൈൻ മാറ്റാനുള്ള അവകാശമുണ്ടെങ്കിൽ അങ്ങോട്ടോ ലൈൻ മാറ്റണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്.

ഇവിടെ ശ്രീ. സിദ്ദിഖ്, മങ്ങാട്ടുപറമ്പിലിന്റെ സ്ഥാപനത്തിന്റെ മുന്നിലുള്ള പോസ്റ്റ് ടിയാന്റെ തന്നെ സ്ഥലത്തിന്റെ അരികിലേക്ക് മാറ്റാൻ സാങ്കേതിക സാദ്ധ്യത ഉണ്ടെന്നിരിക്കെ പരാതിക്കാരന്റെ സ്ഥലത്തിന്റെ അരികിലേക്ക് ശ്രീ. സിദ്ദിഖിന്റെ സൗകര്യാർത്ഥം മാറ്റി സ്ഥാപിച്ചപ്രവൃത്തി കേരളാ ഇലക്ട്രിസിറ്റി സപ്ലൈ കോഡ് സെക്ഷൻ 95 4 (b) യിൽ പറഞ്ഞിരിക്കുന്ന നിയമത്തിന്റെ അന്തസത്ത ഉൾക്കൊള്ളാതെയാണ് എതിർകക്ഷി ചെയ്തിരിക്കുന്നത് എന്ന് ഫോറം മനസ്സിലാക്കുന്നു. ഒരു ഉപഭോക്താവിന്റെ അപേക്ഷപ്രകാരം ടിയാന്റെ സൗകര്യാർത്ഥം പോസ്റ്റ് മാറ്റി സ്ഥാപിക്കുമ്പോൾ വേറൊരു ഉപഭോക്താവിന് തടസ്സം ഉണ്ടാകാത്ത രീതിയിൽ അനുവാദം ഉള്ള സ്ഥലത്ത്

സ്ഥാപിക്കണമെന്ന കാര്യം എതിർകക്ഷി ഇവിടെ പാലിച്ചിട്ടില്ല എന്ന് ഫോറം മനസ്സിലാക്കുന്നു.

ശ്രീ. സിദ്ദിഖിന്റെയും പരാതിക്കാരന്റെയും സാന്നിദ്ധ്യത്തിൽ എതിർകക്ഷി സ്ഥലം സന്ദർശിച്ച് ഒത്തുതീർപ്പിന് ശ്രമിക്കാം എന്നറിയിച്ചതിനെ ഫോറം അംഗീകരിച്ചു.

ആയതിൻപ്രകാരം എതിർകക്ഷി ശ്രീ. സിദ്ദിഖിന്റെയും പരാതിക്കാരന്റെയും സാന്നിദ്ധ്യത്തിൽ പരിശോധന നടത്തുകയും, ശ്രീ. സിദ്ദിഖ് ആവശ്യമായ ഡെപ്പോസിറ്റ് തുക അടച്ച് സിദ്ദിഖിന്റെ സ്ഥലത്തേക്ക് പോസ്റ്റ് മാറ്റിയിടാമെന്ന് സമ്മതിച്ചിട്ടുള്ളതായും ആയത് പരാതിക്കാരൻ സമ്മതിക്കുന്നുണ്ടെന്നും എതിർകക്ഷി ഫോറത്തെ രേഖാമൂലം അറിയിച്ചിട്ടുണ്ട്. മുകളിൽ പറഞ്ഞ ഒത്തുതീർപ്പ് വ്യവസ്ഥപ്രകാരം പോസ്റ്റ് മാറ്റുന്ന ജോലി ഈ ഉത്തരവ് കിട്ടി പതിനഞ്ചുദിവസത്തിനകം നടപ്പാക്കേണ്ടതാണെന്ന് ഫോറം ഉത്തരവാക്കുന്നു.

പരാതി മേൽ പറഞ്ഞ പ്രകാരം തീർപ്പാക്കി ഫോറം ഉത്തരവാക്കുന്നു.

രണ്ടായിരത്തി ഇരുപത്തി നാലാമാണ്ട് മാർച്ച് മാസം 30 –)0 തിയ്യതി.

| Sd/- | Sd/- | Sd/- |
|---|---|---|
| ഫ്രാൻസിസ്. എ. സി, | ആൻസി പോൾ . സി, | സാജമ്മ. ജെ. പുന്നൂർ |
| അംഗം | അംഗം | അദ്ധ്യക്ഷ |

Endt.on CGRF-NR/OP 98/2023-24/283 30 /03/2024

അയയ്ക്കുന്നത്:

1. ശ്രീ. ജോഷി ബെനഡിക്റ്റ്,
   അക്കാട്ടുമുണ്ടക്കൽ വീട്,
   പുല്ലൂരാംപാറ പി. ഒ,
   കോഴിക്കോട്–673 603.

ഫോറത്തിന്റെ മേൽ ഉത്തരവിൽ സംതൃപ്തനാവാത്ത പക്ഷം പരാതിക്കാരന് /പരാതിക്കാരിയ്ക്ക് ബഹുമാനപ്പെട്ട ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ സമക്ഷം ഈ ഉത്തരവ് ലഭിച്ച്30 ദിവസത്തിനകം താഴെ കൊടുത്തിരിക്കുന്ന മേൽവിലാസത്തിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്. സംസ്ഥാന ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ, ഡി.എച്ച് റോഡ്, ഓഫ്ഷോർ റോഡ് ജംഗ്ഷൻ, ഗാന്ധി സ്ക്വയറിന് സമീപം
എറണാകുളം,കേരള– 682016
(ഫോൺ 0484- 2346488)

2. അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ,
   ഇലക്ട്രിക്കൽ സബ് ഡിവിഷൻ,
   കെ.എസ്.ഇ.ബി ലിമിറ്റഡ്,
   തിരുവമ്പാടി, കോഴിക്കോട് ജില്ല.

**<u>കോപ്പി സമർപ്പിക്കുന്നത് :</u>**

ചീഫ് എൻഞ്ചിനീയർ(ഡിസ്ട്രിബ്യൂഷൻ - നോർത്ത് ), കോഴിക്കോട് .

**<u>കോപ്പി സമർപ്പിക്കുന്നത് :</u>**

1. സെക്രട്ടറി, കെ.എസ്.ഇ.ബി ലിമിറ്റഡ്,
   വൈദ്യുതിഭവനം,തിരുവനന്തപുരം.

2. ഡെപ്യൂട്ടി ചീഫ് എൻഞ്ചിനീയർ
   ഇലക്ട്രിക്കൽ സർക്കിൾ, കോഴിക്കോട്,
   കെ.എസ്.ഇ.ബി ലിമിറ്റഡ്, കോഴിക്കോട്

3. എക്സിക്യൂട്ടീവ് എൻഞ്ചിനീയർ
   ഇലക്ട്രിക്കൽ ഡിവിഷൻ, ബാലുശ്ശേരി,
   കെ.എസ്.ഇ.ബി ലിമിറ്റഡ്,കോഴിക്കോട് .ജില്ല.

4. അസിസ്റ്റൻറ് എൻജിനീയർ,
   ഇലക്ട്രിക്കൽ സെക്ഷൻ, കെ.എസ്.ഇ.ബി
   ലിമിറ്റഡ്, തിരുവമ്പാടി, കോഴിക്കോട് ജില്ല.

Forwarded

**Sd/-**

**Chairperson**